DESPATCHED
On 05/2/22

17/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 1502*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8502**/*എസ്.ഐ.സി-ജി 6/2014*)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. പി.കെ.കരുണാകരൻ,
പ്ലാവളപ്പിൽ വീട്,
കുറിഞ്ഞാക്കൽ വഴി,
അയ്യന്തോൾ പി.ഒ.,
തൃശ്ശൂർ – 680 003. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
ജൂനിയർ സൂപ്രണ്ട് (സി സെക്ഷൻ),
താലൂക്ക് ഓഫീസ്, തൃശ്ശൂർ.

2. അപ്പീൽ അധികാരി&
തഹസിൽദാർ,
താലൂക്ക് ഓഫീസ്, തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.01.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 13.02.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13.03.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 05.04.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 01.06.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 12.06.2014 |
| ഹിയറിംഗ് നടന്ന തീയതി | 07.01.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.കെ.കരുണാകരൻ, 01.06.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 12.06.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1502(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 18.01.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തൃശ്ശൂർ തഹസിൽദാരുടെ സി–7–21594/2009 നമ്പർ ഫയലിലെ നാളിതുവരെയുള്ള നടപടികളുടെ വിവരങ്ങളും വസ്തുവിന്റെ നികുതി സ്വീകരിക്കുന്നതിനുള്ള കാരണങ്ങൾ ക്രമമായി നൽകണമെന്നും ഇക്കാര്യത്തിൽ സമർപ്പിച്ച അയ്യന്തോൾ വില്ലേജ് ആഫീസറുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുവദിച്ച് നൽകണമെന്നും സർവ്വെ 365ന്റെ ബി.റ്റി.ആർ പകർപ്പ്, അനുവദിച്ച് നൽകണമെന്നും 15 വർഷം നികുതി സ്വീകരിക്കുകയും പിന്നീട് സ്വീകരിക്കാതിരിക്കുകയും ചെയ്ത സാഹചര്യം അറിയിക്കണമെന്നും തുടങ്ങി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 13.02.2014ന് നൽകിയ മറുപടിയിൽ ടിയാന്റെ അപേക്ഷയിലെ 3, 4, 5, 6 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമാക്കുന്നതിനായി അപേക്ഷാ പകർപ്പു സഹിതം അയ്യന്തോൾ വില്ലേജിലേയ്ക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നും ക്രമനമ്പർ 1, 2 എന്നിവയ്ക്ക് ഹർജിക്കാരനോ ടിയാൻ നിർദ്ദേശിക്കുന്ന ആളോ ഓഫീസ് സമയത്ത് വിവരാവകാശ നിയമം അനുശാസിക്കുന്ന നിശ്ചിത ഫീസൊടുക്കി ബന്ധപ്പെട്ട സി7/21594/2009 നമ്പർ ഫയൽ പരിശോധിച്ച് ടിയാൻ ആവശ്യപ്പെടുന്ന രേഖകൾ അനുവദിക്കുന്നതാണെന്നും 7–ാം ഇനത്തിന് ടി ഭൂമി 19.03.2013ന് താലൂക്ക് സർവ്വെ

യർ അളക്കുകയും റിപ്പോർട്ടും സ്കെച്ചും സമർപ്പിച്ചിട്ടുള്ളതാണെന്നും ടി റിപ്പോർട്ടിന്റെ പകർപ്പിന് പേജൊന്നിന് 2/- രൂപാ നിരക്കിൽ 5 പേജിന് 10/- രൂപ ഒടുക്കി രസീത് ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണെന്നും ക്രമനമ്പർ 8ന് ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വ്യക്തമല്ലാത്തതിനാൽ ഏത് റിപ്പോർട്ടാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കി നൽകുവാനായി ടി ഫയൽ പരിശോധിക്കാവുന്നതാണെന്നും 9-ാം നമ്പർ ചോദ്യത്തിന് ഫയലിന്മേൽ നടപടി പൂർത്തീകരിച്ചിട്ടില്ലാത്ത സാഹചര്യത്തിലാണ് മറുപടി നൽകാതിരുന്നതെന്നും 10-ാം ഇനത്തിന് പ്രസ്തുത വിഷയത്തിൽ ഹൈക്കോടതി വിധി ലഭിച്ച് 3 മാസത്തിനകം തന്നെ സ്ഥലം അളന്നു തിട്ടപ്പെടുത്തുവാൻ താലൂക്ക് സർവ്വെയർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും ടി സ്ഥലത്ത് വെള്ളം കെട്ടിക്കിടക്കുന്നതുമൂലം സ്ഥലപരിശോധന നടത്തുവാൻ സാധിച്ചിട്ടില്ലെന്നു സർവ്വെയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും പിന്നീട് സ്ഥലം അളന്ന് സർവ്വെയർ തയ്യാറാക്കിയ സ്കെച്ച് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതും ആയത് ഫീസ് ഒടുക്കിയതിനുശേഷം ടിയാന് അനുവദിക്കുന്നതുമാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 05.04.2014ന് നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്, 04.04.2014ന് നടന്ന വിചാരണയിൽ ഹർജിക്കാരൻ ഹാജരാകുകയും 18.01.2014ൽ സമർപ്പിച്ച അപേക്ഷയിൽ 1 മുതൽ 10 കാര്യങ്ങൾ ആവശ്യപ്പെട്ടിരുന്നതും ആയതിൽ 3, 4, 5, 6 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി അയ്യന്തോൾ വില്ലേജ് ഓഫീസിൽ നിന്നും തയ്യാറാക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതും ബാക്കിയുള്ള 1, 2, 7, 8, 9, 10 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടി ലഭ്യമായില്ലെന്നും അറിയിച്ചുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൻ ആവശ്യപ്പെട്ടിട്ടുള്ള 1, 2, 7, 8, 9, 10 എന്നീ ചോദ്യങ്ങൾക്ക് മറുപടി ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാന് 13.02.2014ന് നൽകിയ മറുപടിയുടെ ഒരു പകർപ്പ് അനുവദിക്കാവുന്നതാണെന്നും അപ്പീൽ ഹർജിയിൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾക്ക് മറുപടി നൽകുവാൻ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകി യിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് വ്യക്തമായ മറുപടി നൽകിയി ല്ലെന്നും നൽകിയവ തന്നെ വസ്തുതകൾക്ക് നിരക്കാത്തതും നീതിനിഷേധ വുമാണെന്നുമാണെന്നാണ് കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കു ന്നത്. മൊഴിയും അനുബന്ധ രേഖകളും 31.12.2021ലെ റിപ്പോർട്ടും പരിശോ ധിച്ചതിൽ, പ്രസ്തുത റിപ്പോർട്ട് കമ്മീഷൻ അംഗീകരിച്ചുകൊണ്ട് ആയ തിന്റെ പകർപ്പ് ഹർജിക്കാരന് നൽകണമെന്നു ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കൂടാതെ സ്പഷ്ടീകരണം, പരാതി പരിഹാരം, കാരണം ആരായുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 17–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *